പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2508

05.11.2019-ൽ മറുപടിക്ക്

ഫിലമെന്റ് രഹിത കേരളം പദ്ധതി

| | ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1 കോടി എൽ.ഇ.ഡി ബൾബുകളാണ് ആദ്യഘട്ടമായി പർച്ചേസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ആദ്യഘട്ടത്തിലുള്ള ബൾബുകൾ കെ.എസ്.ഇ.ബി യ്ക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി വിളക്കുകൾ നൽകി ഊർജ്ജലാഭം നേടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ കുറവു വരുന്നതുകൊണ്ട് സാമ്പത്തിക ലാഭം നേടാൻ കഴിയും. വൈദ്യുതി ഉപഭോഗം കുറയുന്നതുമൂലം അന്തരീക്ഷത്തിലേയ്ക്ക് വമിക്കുന്ന കാർബണിന്റെ അളവ് കുറയ്ക്കാനും മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. ഇപ്പോൾ ഉപയോഗത്തിലുള്ള മറ്റ് ബൾബുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാൽ ജലത്തിൽ മെർക്കുറിയുടെ അംശം കലരുന്നതും ഒഴിവാക്കുവാൻ കഴിയും |

സെക്ഷൻ ഓഫീസർ